**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4857** **11-08-2021 - ൽ മറുപടിയ്ക്ക്**

**സൈബർ-സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഇ-കോമേഴ്സ് സജീവമായതോടെ ഓൺലൈൻ വ്യാപാരത്തിലെ കുറ്റകൃത്യങ്ങൾ, എ.ടി.എം. തട്ടിപ്പ്, സാമൂഹ്യമാധ്യമങ്ങൾ വഴിയുള്ള തട്ടിപ്പ്, ഓഹരി കമ്പോളത്തിലെ കബളിപ്പിക്കൽ എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ, സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ പരിശീലനം നേടിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | ഉണ്ട്. ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള സൈബർ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഈ പോലീസ് സ്റ്റേഷനുകളിൽ സൈബർ കേസുകളുടെ കുറ്റാന്വേഷണത്തിന് പരിശീലനം നേടിയ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. നിർമ്മിതബുദ്ധി സാങ്കേതികവിദ്യ കുറ്റാന്വേഷണത്തിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ